# കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

(Constituted under Section 57A of KCS Act – 1969)

ഹെഡ് ആഫീസ്, റ്റി.സി. 25/357(4), ഗാന്ധാരിയമ്മൻ കോവിൽ റോഡ്, സ്റ്റാച്യു,
തിരുവനന്തപുരം – 695001 ഫോൺ. 0471–2327727, 2327656 വെബ്സൈറ്റ് : www.kcdwfb.com

**വിജ്ഞാപനം : 01/2020**

വിജ്ഞാപന തീയതി : 05.10.2020 | അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : 22.10.2020

നം : 11146/2020 | വൈകുന്നേരം 5.00 മണി

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

1. <u>നിയമന രീതി</u> : എഴുത്തുപരീക്ഷയുടേയും (100 മാർക്ക്) അഭിമുഖത്തിന്റെയും (20 മാർക്ക്) അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.
2. <u>നിയമന അധികാരി</u> : കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

| ക്രമ നമ്പർ | കാറ്റഗറി നമ്പർ | ഒഴിവുകളുടെ എണ്ണം, ശമ്പള സ്കെയിൽ | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | 01/2020 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ – 01<br>27800 - 59400 | കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബി.ടെക് ബിരുദം<br>**അല്ലെങ്കിൽ**<br>എം.സി.എ/എം.എസ്.സി (കമ്പ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജി)<br>Redhat certification അഭികാമ്യം പ്രവൃത്തി പരിചയം ഇൻസ്റ്റാളിംഗ്, കോൺ ഫിഗറിംഗ് & ട്രബിൾ ഷൂട്ടിംഗ് UNIX/LINUX ൽ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം. അഡ്മിനിസ്റ്റേഷൻ ആപ്ലിക്കേഷൻ സ്റ്റാക്സിൽ പ്രവൃത്തി പരിചയം (eg. Tomcat, JBoss, Apache, NGINX) Monitoring Systems പ്രവൃത്തി പരിചയം (eg. Nagios) Scripting skills പ്രവൃത്തി പരിചയം (eg. shell scripts, Perl, Python) Ne working knowledge (OSI network layers, TCP/IP) SAN storage environment with NFS mounts and physical and logical volume management പ്രവൃത്തി പരിചയം Tape library back up പ്രവൃത്തി പരിചയം |
| 2 | 02/2020 | എൽ.ഡി.ക്ലർക്ക് – 13<br>19000 - 43600<br>(ഇതിൽ രണ്ട് ഒഴിവുകൾ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ഒരു തസ്തിക വികലാംഗർക്കുമായി സംവരണം ചെയ്തിരിക്കുന്നു.) | അംഗീകൃത സർവ്വകലാശാല ബിരുദവും, HDC/ അല്ലെങ്കിൽ JDC/BSc Co-operation & Banking / B.Com (Co-op), തത്തുല്യ യോഗ്യത. കൂടാതെ 6 മാസത്തിൽ കുറയാത്ത കാലദൈർഘ്യമുള്ള അംഗീകൃത കമ്പ്യൂട്ടർ കോഴ്സും പാസ്സായിരിക്കണം. |
| 3 | 03/2020 | അറ്റൻഡർ – 02<br>17000 - 37500 | 10–ാം ക്ലാസ്സ് പാസ്സായിരിക്കണം. |
| 4 | 04/2020 | പ്യൂൺ – 04<br>16500 – 35700<br>(ഇതിൽ ഒരു ഒഴിവ് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗ ങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.) | 7–ാം ക്ലാസ്സ് പാസ്സായിരിക്കണം. |

1. പ്രായപരിധി 01/01/2020 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും, മറ്റു പിന്നോക്കവാഭാഗത്തിനും, വിമുക്തഭടൻമാർക്കും മൂന്നു വർഷത്തെ ഇളവും, വികലാംഗർക്ക് പത്ത് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.
2. പൊതു വിഭാഗക്കാർക്കും, വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പെടെയുള്ളവർക്കും (സഹകരണ ചട്ടം 183(1) ) ഒരു കാറ്റഗറിക്ക് 250 രൂപ അപേക്ഷാഫീസ് ഒടുക്കേണ്ടതാണ്. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് ഒരു കാറ്റഗറിക്ക് 100/– രൂപയാണ് ഫീസായി ഒടുക്കേണ്ടത്. ഒന്നിൽ കൂടുതൽ കാറ്റഗറിയിലേക്ക് അപേക്ഷിക്കുന്നതിന് പ്രത്യേകം അപേക്ഷാ ഫോറവും നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് കേരള സംസ്ഥാന സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരത്ത് ക്രോസ്സ് ചെയ്ത CTS പ്രകാരം മാറാവുന്ന വിജ്ഞാപന കാലയളവിൽ എടുക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. അപേക്ഷയും അനുബന്ധങ്ങളും ബോർഡ് നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ തന്നെ 22.10.2020 ന് വൈകുന്നേരം 5 മണിയ്ക്കു മുമ്പായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ലഭിക്കേണ്ടതാണ്.
3. അപേക്ഷാ ഫാറവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ തന്നെ സമർപ്പിക്കാത്ത പക്ഷം മറ്റൊരു അറിയിപ്പും കൂടാതെ അപേക്ഷ നിരസിക്കുന്നതാണ്.
4. അപേക്ഷയോടൊപ്പം വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം, ജാതി, വിമുക്തഭടൻ, വികലാംഗർ എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്തിരിക്കണം.
5. വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തി പരിചയം– പ്രസ്തുത തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത ആർജിച്ചതിനുശേഷം കേന്ദ്ര, സംസ്ഥാന സർക്കാർ സർവ്വീസിലോ, പൊതുമേഖലാ സ്ഥാപനങ്ങളിലോ, രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനങ്ങളിലോ, 1969–ലെ കേരളാ കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലോ, 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികളിലോ, 1956 ലെ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിലോ, താൽക്കാലികമായോ, സ്ഥിരമായോ, നിയമിക്കപ്പെട്ട് നേടിയതായിരിക്കണം. (മാതൃക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)
6. <u>വിദ്യാഭ്യാസയോഗ്യത</u> : അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്ക് മുൻപായി നിശ്ചിത വിദ്യാഭ്യാസയോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ കവറിന് മുകളിൽ വിജ്ഞാപന നമ്പർ, കാറ്റഗറി നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
7. അപേക്ഷാ ഫാറം www.kcdwfb.com എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.
8. അപേക്ഷകൾ നേരിട്ടോ, തപാൽ മുഖേനയോ ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, ഹെഡ് ആഫീസ്, റ്റി.സി. 25/357(4), ഗാന്ധാരിയമ്മൻ കോവിൽ റോഡ്, സ്റ്റാച്യു, തിരുവനന്തപുരം – 695001 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
9. നോട്ടിഫിക്കേഷൻ പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് രണ്ട് വർഷം വരെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ടി കാലയളവിൽ പ്രസ്തുത തസ്തികയിലേക്ക് വരുന്ന ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ ടി റാങ്ക് ലിസ്റ്റിൽ നിന്നും തന്നെ നടത്തുന്നതാണ്.

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനു വേണ്ടി

സ്ഥലം : തിരുവനന്തപുരം
തീയതി : 05.10.2020

പി. ഷാജി
ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി